LIBRARY ARCHIVES Kerala Legislative Assembly

വനവൽക്കരണ പദ്ധതികൾക്കായി നീക്കിവച്ച ഭൂമി

189 (2219) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ വനവൽക്കരണ പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമിയാണ് ഇതുവരെ നീക്കിവച്ചത് ;

(ബി) ഇതിൽ ഇതുവരെ വനവൽക്കരണം നടത്തിയത് എത്ര ഏക്കർ ഭൂമിയിലാണ് ;

(സി) വനവൽക്കരണ പദ്ധതികൾക്കായി ഇതുവരെ എത്ര ഭൂമി റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് കൈമാറുകയുണ്ടായി ;

(ഡി) ഈ സാമ്പത്തികവർഷം ഈ പദ്ധതിക്കായി ഇവിടെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 29-3-1974-ൽ പുറപ്പെടുവിച്ച ലാന്റ് ബോർഡ് അവാർഡ് പ്രകാരം 17922 ഏക്കർ ഭൂമിയാണ് മൂന്നാറിൽ വനവൽക്കരണ പദ്ധതികൾക്കായി നീക്കിവച്ചത്.

(ബി) ഷോല വനങ്ങളും പുൽമേടുകളും ഉൾപ്പെടുന്ന ടി ഭൂമിയിൽ വനവൽക്കരണത്തിന് ഉപയുക്തമായ 12930.22 ഏക്കർ (5234.91 ഹെക്ടർ) സ്ഥലത്ത് വിവിധ കാലയളവുകളിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്.

(സി) വനവൽക്കരണ പദ്ധതികൾക്കായി ലാന്റ് ബോർഡ് അവാർഡ് പ്രകാരം നീക്കിവച്ചിരുന്ന 17922 ഏക്കർ ഭൂമിയാണ് വനംവകുപ്പിന്റെ സംരക്ഷണയിലുള്ളത്.

(ഡി) മൂന്നാർ ഡിവിഷന്റെ വർക്കിംഗ് പ്ലാൻ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് വനവൽക്കരണത്തിന് ഉപയുക്തമായ പ്രദേശങ്ങളിൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.